ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

PARISH BULLETIN


ഏലിയാ സ്ലീവാ മൂശക്കാലം

Vol.10 Issue 4



# 3rd Birthday in Heaven





## എം.ജെ. ജോസഫ് (അപ്പസാർ)

*Rtd. Headmaster*

## പൂലാനിമറ്റത്തിൽ

**20-ാം മൈൽ, പൊൻകുന്നം**

*Died on 30-10-2015*

"ഞാനാകുന്നു പുനരുത്ഥാനവും ജീവനും.
എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലുംജീവിക്കും."

(യോഹ. 11:25)

# 50–ാം വിവാഹ വാർഷികം

ആഘോഷിക്കുന്ന



മാത്യു തോമസ് (അപ്പച്ചൻ) & ഏലിക്കുട്ടി മാത്യു

പൂലാനിമറ്റത്തിൽ

പ്രാർത്ഥനാശംസകളോടെ

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

# കുഴൽ കിണറുകൾക്ക്

**ACHU'S**

**BOREWELLS**



**Mob: 9447808687**

ചെറിയ റോഡിന് അനുയോജ്യമായ ബോർവെൽ മെഷീൻ എപ്പോഴും ലഭ്യമാണ്. 6½, 4¾ ഇഞ്ച് ബോർവെല്ലിന്റെ ഏത് വർക്കുകളും ചെയ്തു

# 7–ാം ചരമ വാർഷികം



പി.ജി. എബ്രാഹം

(ജോയി)

ചാരുവിള പുത്തൻവീട്

# ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | - | 1 |
| ഇടയമൊഴി | - | 2 |
| വിളക്ക് | - | 4 |
| ഇടവക വിശേഷങ്ങളിലൂടെ | - | 6 |
| നിയമബോധനം | - | 14 |


## എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | - ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - ഫാ. എബി. വാണിയപ്പുരയ്ക്കൽ | 8547280056 |
| സബ് എഡിറ്റേഴ്സ് | - റോബിൻ കട്ടിക്കാരൻ | 9446602386 |
| | - വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - സുനിൽ പനയ്ക്കൽ | 9387844654 |
| | സൂസൻ വെട്ടിക്കൊമ്പിൽ | |
| | കിറ്റിൻ ഗോൾഡ്ഹിൽ | |



Published by :

The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

Layout & Printing: General Offset Ponkunnam
Ph: 9495496974, 8848953287

2018 ഒക്ടോബർ ലക്കം

## മുഖമൊഴി

പ്രകൃതിയാൽ അനുഗ്രഹിക്കപ്പെട്ട നാടെന്ന് നമ്മൾ അഹങ്കരിച്ച നമ്മുടെ നാടിനെ പ്രകൃതിതന്നെ വേട്ടയാടിയ ദിവസങ്ങൾ!! അതിന്റെ കാരണങ്ങളിൽ തർക്കമുണ്ടാകാം.

ആയിരങ്ങൾ രക്ഷകരും പതിനായിരങ്ങൾ സാന്ത്വനം നൽകുന്നവരുമായി ട്ടെത്തി തിളച്ചുമറിയുന്ന ഹൃദയവും ഉഴുതുമറിക്കപ്പെട്ട മനസ്സുമായി വീടുകളിലും ക്യാമ്പുകളിലും കഴിയുന്നവരിലേയ്ക്ക് ആദ്യം നീണ്ട കരുണയുടെ കരങ്ങളിൽ ഏറിയ പങ്കും ക്രൈസ്തവരുടേതായിരുന്നു. ഈ ഇടവകയിൽ നിന്നു പണവും, ഭക്ഷണവും, അവശ്യസാധനങ്ങളും, സന്നദ്ധ സേവകരും ദുരിത മേഖലകളിലേയ്ക്ക് എത്തി. ഏവർക്കും നന്ദി.

ഇനി പുനഃസൃഷ്ടി! ജപ്പാനെപ്പോലെ നഷ്ടപ്പെട്ടതിനെക്കാൾ മെച്ചപ്പെട്ട ഒന്ന്. നമ്മുടെ ഉയിർത്തെഴുന്നേൽപ്പിന്റെ ആവേശം കൊള്ളിക്കുന്ന ചരിത്രം പഠിക്കാൻ നാളെ ലോകം ഇവിടെ എത്തട്ടെ. നഷ്ടപ്പെട്ടുപോയ ഭൗതിക സമ്പത്തും മാനസിക ശക്തിയും ആരോഗ്യവും വീണ്ടെടുക്കണം. ഇതിൽ നമുക്ക് ഓരോരുത്തർക്കും ഒരു സുപ്രധാന പങ്ക് വഹിക്കാനുണ്ട് എന്നുള്ള കാര്യം വിസ്മരിക്കരുത്. ഈ പുനർനിർമ്മിതിയിൽ ആരും ഒഴിവാക്കപ്പെടാൻ പാടില്ല. നമ്മുടെ കഠിനാധ്വാനവും ബുദ്ധിശക്തിയും കൂട്ടായ്മയും ഒരിക്കൽക്കൂടി ലോകം വിസ്മയത്തോടെ നോക്കി നിന്നു. ഇനി ഈ കൂട്ടായ്മ നിലനിർത്താനും ക്രിയാത്മകവും സൃഷ്ടിപരവുമായ ചിന്തകൾ ജ്വലിപ്പിക്കുവാനും ചാനലുകളും പത്രങ്ങളും സോഷ്യൽ മീഡിയകളും മതരാഷ്ട്രീയ നേതാക്കളും ഒന്നിച്ചണിനിരക്കണം. ധൂർത്തും ആർഭാടവും അഹങ്കാരവും അഴിമതിയും ഇല്ലാത്ത ഒരു പുതിയ ജനസമൂഹം പുനരുദ്ധരിക്കപ്പെടണം. ശ്രമങ്ങൾ പരാജയപ്പെട്ടേക്കാം. പക്ഷേ, ശ്രമിക്കുന്നതിൽ പരാജയപ്പെടരുത്. പുതുമയാർന്ന, സ്വന്തമായ മാർഗ്ഗങ്ങളിലൂടെയും സഭയോടും സർക്കാരിനോടും ചേർന്നുനിന്നുകൊണ്ടും ഒരു നവ കേരള സൃഷ്ടിക്കായി പൊൻകുന്നം ഇടവകയ്ക്കും കൈകോർക്കാം. ഒപ്പം ഹൃദയവും കൈകളും തുറക്കുകയും ചെയ്യാം. ആയത് ഇന്ന് തുടങ്ങുക.... അല്ല ഇപ്പോൾത്തന്നെ തുടങ്ങുക.






ഈശോയിൽ പ്രിയ സ്നേഹിതരേ,

സഭയെ സംബന്ധിച്ചിടത്തോളം ഭാവിയിൽ പൂർത്തിയാകാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് ഏലിയാ-സ്ലീവാ-മൂശക്കാലങ്ങളും തുടർന്നു വരുന്ന പള്ളിക്കൂദാശക്കാലവും നമ്മെ ഓർമ്മിപ്പിക്കുന്നത്. ദൈവദൂതന്മാരാൽ പരിസേവിതനായി കുരിശടയാളത്തോടുകൂടി വാനമേഘങ്ങളിൽ ആഗതനാകുന്ന മിശിഹായെ വിശുദ്ധരോടൊന്നിച്ച് എതിരേൽക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെയെന്നാണ് ഏലിയാ-സ്ലീവാ-മൂശക്കാലത്ത് ദൈവജനത്തിന്റെ പ്രാർത്ഥന. രാജാവും വിധിയാളനുമായി എത്തുന്ന കർത്താവിന്റെ വലതുഭാഗത്ത് അണിനിരക്കാനും അവിടുത്തോടൊത്ത് സ്വർഗ്ഗീയ ജറുസലേമിലേയ്ക്ക് പ്രവേശിക്കുവാനുമുള്ള തീക്ഷ്ണമായ ആഗ്രഹമാണ് പള്ളിക്കൂദാശക്കാലത്ത് മണവാട്ടിയായ സഭ പ്രകടിപ്പിക്കുന്നത്. മിശിഹായോടൊപ്പം ഭാവിമഹത്വത്തിലേയ്ക്ക് പ്രവേശിക്കുന്നതിന് സഭാമാതാവ് തന്റെ മക്കളെ ഈ കാലഘട്ടത്തിൽ പ്രത്യേകമായി ഒരുക്കുന്നു.

കൊന്തനമസ്ക്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒക്ടോബർ മാസത്തിൽ നാം ചിന്തിക്കുകയാണല്ലോ. ഒക്ടോബർ 18 മുതൽ 27 വരെ പള്ളിയിൽ രാവിലെയും വൈകുന്നേരവും വിശുദ്ധ കുർബ്ബാനയോടനുബന്ധിച്ച് കൊന്തനമസ്ക്കാരം ഉണ്ടായിരിക്കും. 27 ന് ശനിയാഴ്ച വൈകിട്ട് പള്ളിക്കകത്ത് ദിവ്യകാരുണ്യ


പ്രദക്ഷിണവും  ഉണ്ടാകും. കുടുംബങ്ങളിലും കൂട്ടായ്മകളിലും ജപമാല ചൊല്ലുന്നതിൽ ഈ മാസം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. മറിയം എന്നും നമ്മുക്ക് തുണയും മദ്ധ്യസ്ഥയും മാതൃകയുമാണല്ലോ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം** (വികാരിയച്ചൻ)

## ഉപകാര സ്മരണയ്ക്കായ്





**ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാര സ്മരണ**

**ഒരു വിശ്വാസി**

*ഇടവക ബുള്ളറ്റിനിൽ പരസ്യങ്ങൾ നൽകി സഹകരിക്കാൻ ആഗ്രഹിക്കുന്നവർ ബഹു. വികാരിയച്ചനെയോ  കൊച്ചച്ചനെയോ* ***സമീപിക്കുക***

വിളക്ക്

# ഹൃദയങ്ങൾ ഒരുക്കിയിടുക



ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,

സ്നേഹത്തോടും ആർദ്രതയോടും അനുകമ്പയോടുംകൂടെ ലോകത്തെ കാണുന്ന മനുഷ്യരാണ് ഹൃദയമുള്ളവർ. മുഹമ്മദ് നബിയുടെ ഒരു വചനമുണ്ട് "മനുഷ്യ ശരീരത്തിൽ ഒരു മാംസക്കഷണമുണ്ട്, അത് നന്നായാൽ എല്ലാം നന്നായി, അത് ദുഷിച്ചാൽ എല്ലാം ദുഷിച്ചു" ഇതാണ് ഹൃദയം. ഈശോ പഠിപ്പിച്ച ഏറ്റവും ശ്രേഷ്ഠമായ പാഠവും ഹൃദയംകൊണ്ട് ചിന്തിക്കുകയെന്നതാണ്. എന്നാൽ ഈ ആധുനിക ലോകത്തിൽ ഇന്ന് ഹൃദയത്തിന് സ്ഥാനമില്ല. ഹൃദയം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. സാഹിത്യകാരനും ചിന്തകനുമായിരുന്ന സുകുമാർ അഴീക്കോട് പറയുന്നത് " ഇന്ന് നിർമ്മാണ പ്രവർത്തനം സ്തംഭിച്ച് കിടക്കുന്ന മേഖല റോഡിന്റെയോ പാലത്തിന്റെയോ അല്ല, മറിച്ച് ഹൃദയം പണിയാൻ സാധിക്കാത്തതാണ് എന്ന്. ബുദ്ധി വളരുമ്പോൾ ഹൃദയം ശുഷ്ക്കിച്ച് പോകുന്നു.

ഒരു കഥ ഇപ്രകാരമാണ്. ഒരമ്മയ്ക്ക് രണ്ടു മക്കൾ. ഒരാളുടെ പേര് 'ബുദ്ധി' എന്നും മറ്റേയാളുടെ പേര് 'ഹൃദയം' എന്നുമായിരുന്നു. അമ്മയ്ക്ക് ബുദ്ധിയോടായിരുന്നു കൂടുതൽ സ്നേഹം. ബുദ്ധിയ്ക്ക് പ്രത്യേകമായി പാലും മുട്ടയും കൊടുത്തതിനാൽ അവനങ്ങ് നന്നായി കൊഴുത്തു വളർന്നു. പാവം ഹൃദയത്തിന് കട്ടൻ കാപ്പിയും, ബുദ്ധിക്ക് കൊടുത്തതിന്റെ മിച്ചം വല്ലതും

വന്നാൽ അതും. ഒരു പ്രഭാതത്തിൽ 'ഹൃദയം' മരിച്ചു. അപ്പോഴാണ് അമ്മയ്ക്ക് മൂല്യം പിടികിട്ടിയത്. ശരീരത്തെ മാത്രം വളർത്തുകയും ഹൃദയത്തെ തളർത്തുകയും ചെയ്യുമ്പോൾ നമ്മിൽനിന്ന് കരുണയും സ്നേഹവും വാത്സല്യവും പടിയിറങ്ങിപ്പോകും. മാതാപിതാക്കന്മാർ തെരുവോരങ്ങളിലും, അനാഥാശ്രമങ്ങളിലും ഒറ്റപ്പെടും. മനുഷ്യൻ ഹൈടെക് ആകുമ്പോൾ ദൈവവും ദൈവവചനവും ഔട്ടാകുന്നു. നമ്മുടെ ഹൃദയ നിലങ്ങളിൽ വീഴുന്ന വചനങ്ങൾക്ക് പല കാരണങ്ങളാൽ പരിക്കു പറ്റുന്നു. അതുകൊണ്ട് ഈ കാലഘട്ടത്തിൽ നമ്മുടെ ആവശ്യം ഹൃദയ നിർമ്മാണം ത്വരിതപ്പെടുത്തുക എന്നതാണ്.

സ്നേഹാഗ്നിയുടെ പ്രതീകമായി, നിർമ്മലതയുടെ പ്രതീകമായി, ദയയുടെയും കരുണയുടെയും പ്രതീകമായി, ശുദ്ധീകരണത്തിന്റെ സ്രോതസ്സായി തിരുസ്സഭ ചൂണ്ടിക്കാണിക്കുന്നത് ഈശോനാഥന്റെ തിരുഹൃദയത്തെയാണ്. പണ്ട് നമ്മൾ കുഞ്ഞുങ്ങളായിരുന്നപ്പോൾ നമ്മുടെ പ്രായംചെന്ന അമ്മച്ചിമാർ ഇടവക ദൈവാലയത്തിൽ ആയിരിക്കുമ്പോഴും, കുടുംബ പ്രാർത്ഥനകളിലായിരിക്കുമ്പോഴും പ്രാർത്ഥിച്ചു കേൾക്കാറുള്ള ഒരു പ്രാർത്ഥനയുണ്ട്. "ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമെ, എന്റെ ഹൃദയത്തെ അങ്ങയുടെ തിരുഹൃദയംപോലെ ആക്കണമെ". പ്രിയമുള്ളവരേ, നമ്മുടെ ജീവിതത്തിൽ നാം ആവർത്തിച്ചാവർത്തിച്ച് ഉരുവിടേണ്ട മന്ത്രവും ഇതുതന്നെയാണ്. ഹൃദയമുള്ള മനുഷ്യരാകാം നമ്മുക്ക്.

സ്നേഹത്തോടെ ,

കൊച്ചച്ചൻ

**ഫാ. എബി. വാണിയപുരയ്ക്കൽ**

## ഇടവക വിശേഷങ്ങളിലൂടെ



## സൺഡേ സ്കൂൾ

1. **മരിയൻ തീർത്ഥാടനം**
സൺഡേസ്ക്കൂളിൽ 9–ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള മരിയൻ തീർത്ഥാടനം സെപ്റ്റംബർ 2–ാം തീയതി നടത്തി.

2. **ലോഗോസ് ക്വിസ്**
ഈ വർഷത്തെ ലോഗോസ് ക്വിസ് സെപ്റ്റംബർ 30–ാം തീയതി നടത്തി.

3. **അർദ്ധവാർഷിക പരീക്ഷ**
സൺഡേസ്ക്കൂളിലെ അർദ്ധവാർഷിക പരീക്ഷ ഒക്ടോബർ 7–ാം തീയതി നടത്തുന്നതാണ്. 1 മുതൽ 6 വരെ ക്ലാസ്സുകാർക്ക് രാവിലെ 11 മുതൽ 1 വരെയും 7 മുതൽ 12 വരെ ക്ലാസ്സുകാർക്ക് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4 വരെയുമാണ് പരീക്ഷാ സമയം.

***റോബിൻ കട്ടിക്കാരൻ*** (ഹെഡ്മാസ്റ്റർ)

## മാതൃവേദി

1. വിവാഹ സഹായമായി 10,000/- രൂപ നൽകി.
2. മാതൃവേദിയുടെ ഇടവകാതലത്തിലുള്ള ബൈബിൾ കലോത്സവം നടത്തി.
3. മോനിക്കാ പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ച് 29–08–2018 ബുധനാഴ്ച അമ്മമാർക്കുവേണ്ടി പള്ളിയിൽ ഒരു മണിക്കൂർ ആരാധന നടത്തുകയും വി. കുർബ്ബാനയിൽ പങ്കെടുക്കുകയും ചെയ്തു.
4. മഴക്കെടുതി മൂലം ദുരിതമനുഭവിക്കുന്നവർക്കുവേണ്ടിയും നല്ല

കാലാവസ്ഥ ലഭിക്കുന്നതിനുവേണ്ടിയും മഠത്തിലെ ചാപ്പലിൽ വച്ച് നടത്തിയ ആരാധനയിൽ മാതൃവേദി അംഗങ്ങൾ പങ്കു ചേർന്നു.

**ബിന്ദു റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)**

## വിൻസെൻഷ്യൻ വേദി

ദത്തുകുടുംബങ്ങൾക്ക് സ്ഥിരം നൽകുന്ന സഹായങ്ങൾക്കു പുറമേ 4 പേർക്ക് ചികിത്സാസഹായമായി 13000/- രൂപയും 5 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായി 22000/ രൂപയും 2 കുടും ബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 15000/- രൂപയും ഒരു വ്യക്തിക്ക് വിവാഹ സഹായമായി 5000/- രൂപയും മറ്റൊരു വ്യക്തി യുടെ സംസ്ക്കാര ചടങ്ങിനായി 3000/- രൂപയും ചെലവഴിച്ചു.

പ്രളയ ദുരിതാശ്വാസമായി ഭക്ഷണപ്പൊതി ശേഖരിച്ച് ക്യാമ്പുകളിൽ വിതരണം നടത്തി. ക്യാമ്പുകളിലേയ്ക്ക് ഭക്ഷണം പാകം ചെയ്യുന്നതിനായി അംഗങ്ങൾ 12000/- രൂപയുടെ പലവ്യഞ്ജ നങ്ങൾ വാങ്ങി നൽകി. സെപ്റ്റംബർ മാസം 2-ാം തീയതി ഞായ റാഴ്ച അംഗങ്ങളിൽ നിന്നു പ്രത്യേക പിരിവ് നടത്തി ദുരിതാശ്വാസ ത്തിനായി കാഞ്ഞിരപ്പള്ളി സെൻട്രൽ കൗൺസിലിൽ നൽകുകയും ചെയ്തു.

**തോമസ് നരിതൂക്കിൽ (സെക്രട്ടറി)**

## പിതൃവേദി

പിതൃവേദിയുടെ ആറ് കമ്മറ്റി മീറ്റിങ്ങുകൾ ഈ കാലയളവിൽ ചേരുകയുണ്ടായി. സംഘടനയ്ക്ക് തനത് ഫണ്ട് സ്വരൂപിക്കുവാനും അംഗങ്ങൾക്ക് പരസ്പര സഹായത്തിന് മാർഗ്ഗമെന്ന നിലയിലും 50,000/- രൂപയുടെ ഒരു മ്യൂച്ചൽ ബെനഫിറ്റ് ഫണ്ട് സ്കീം ആരംഭി ച്ചു. സ്കീമിന്റെ ആദ്യ നറുക്കെടുപ്പ് 9-8-18 ന് ബഹു.വികാരിയ ച്ചന്റെ നേതൃത്വത്തിൽ നടത്തി.

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് സംഘടനാ ഫണ്ടിൽ നിന്ന് 5000/- രൂപ വികാരിയച്ചനെ ഏല്പ്പിച്ചു. സെപ്റ്റംബർ മാസം 30-ാം തീയതി ത്വക്ക് രോഗ നിർണ്ണയവും ബോധവൽക്കരണ ക്ലാസ്സും നടത്തി. ഡോ. അനു ചെറിയാൻ MD. DNB ക്ലാസ്സുകൾ നയിച്ചു.

സെപ്റ്റംബർ 9-ാം തീയതി പിതൃവേദിയുടെ പൊതുയോഗം നടത്തി.

*റ്റി.എം. മാത്തുക്കുട്ടി തൊമ്മിത്താഴെ (സെക്രട്ടറി)*

## കത്തോലിക്കാ കോൺഗ്രസ്

ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ കുമ്പസാരമെന്ന കൂദാശയ്ക്കെതിരെ നടത്തിയ പ്രസ്താവനയിൽ പ്രതിഷേധിച്ച് കാഞ്ഞിരപ്പള്ളി രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രതിഷേധ റാലിയിൽ പൊൻകുന്നം യൂണിറ്റിൽനിന്ന് അംഗങ്ങൾ പങ്കെടുത്തു.

വെള്ളപ്പൊക്ക കെടുതിയിൽപ്പെട്ട കുട്ടനാട്ടിലെ ജനങ്ങൾക്കുവേണ്ടി അയ്യായിരം രൂപ സംഭാവന നൽകുകയും ദുരിതാശ്വാസ പ്രവർത്തനത്തിൽ പങ്കെടുക്കുകയും ചെയ്തു.

ഇടവകയുടെ ആരംഭം മുതൽ ഇന്നുവരെയുള്ള ചരിത്രവും, ഇടവക ഡയറക്ടറിയും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കുടുംബ കൂട്ടായ്മാ ലീഡേഴ്സ് ഭവനങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തിവരുന്നു. കൂടാതെ മാർത്തോമ്മാ ക്രിസ്ത്യാനികൾ പാരമ്പര്യമായി വലിയ ആഴ്ചയിൽ (ഈസ്റ്റർ സമയങ്ങളിൽ) പാടുന്ന പുത്തൻ പാനയും ഈ ഗ്രന്ഥത്തിൽ പുതിയ തലമുറയുടെ അറിവിലേയ്ക്കായി ചേർക്കുന്നുണ്ട്. ഭാവിയിലേയ്ക്കുള്ള ഒരു റഫറൽ ഗ്രന്ഥം എന്ന നിലയിൽ ഈ പ്രസിദ്ധീകരണം ഉപയോഗിക്കാവുന്നതാണ്. ആയതിനാൽ എല്ലാ കുടുംബങ്ങളിലും ഇതിന്റെ കോപ്പി സൗജന്യമായി വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കുള്ള ചെലവ് ഉദാരമതികളായ ഇടവകാംഗങ്ങളിൽനിന്ന്

ചരമവാർഷിക പരസ്യങ്ങൾ, വിവാഹവാർഷിക പരസ്യങ്ങൾ, മറ്റ് ബിസ്സിനസ്സ് പരസ്യങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. എല്ലാ ഇടവകാംഗങ്ങളുടെയും സഹകരണം ഈ ഉദ്യമത്തിന് ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

**ജോസ് മാനുവൽ, വട്ടയ്ക്കാട്ട്** (സെക്രട്ടറി)

## അസോവ

ഇടവകയിലെ ആത്മീയ പിതാക്കന്മാരുടെ സാന്നിദ്ധ്യത്തിലും പ്രസി. എ.റ്റി. ജോസഫ് അത്യാലിയുടെ അദ്ധ്യക്ഷതയിലും 19-08-2018 ൽ അത്യാലിൽ ത്രേസ്യാമ്മ തോമസിന്റെ ഭവനത്തിൽ വച്ച് നടത്തിയ പ്രതിമാസ ഡയറക്ടർ ബോർഡ് മീറ്റിംങ്ങിൽ സംഘടനയുടെ വാർഷികാഘോഷം കാലവർഷത്തിനുശേഷം നടത്താനും കുട്ടനാട്ടിലെ പ്രളയ ദുരിതമനുഭവിക്കുന്നവരെ സാമ്പത്തികമായി സഹായിക്കാനും തീരുമാനിച്ചു. പ്രസ്തുത തീരുമാനപ്രകാരം ബോർഡ് മെമ്പേഴ്സിൽ നിന്നും മറ്റ് അംഗങ്ങളിൽ നിന്നും സമാഹരിച്ച തുക ബഹു. ഡയറക്ടർ അച്ചനെ ഏൽപ്പിച്ചു.

എം.ബി.എഫ്.- ന്റെ 13-മത് നറുക്കെടുപ്പിൽ ശ്രീ. ജോസ് തോട്ടത്തിൽ വിജയിയായി.

എം.ബി.എഫ്.- ന്റെ 20-09-2018 നടത്തിയ 14- ാമത് നറുക്കെടുപ്പിൽ ശ്രീ. എ.റ്റി. ജോസഫ് അത്യാലിൽ വിജയിയായി.

ബോർഡ് മെമ്പർ അത്യാലിൽ ത്രേസ്യാമ്മ തോമസിന്റെ ജന്മദിനവാർഷികം സമുചിതമായി ആഘോഷിച്ചു. സ്നേഹവിരുന്നോടെ യോഗ നടപടികൾ സമാപിച്ചു

***പി.സി. ചാക്കോ പുളിക്കൽ (സെക്രട്ടറി)***

## ചെറുപുഷ്പ മിഷൻലീഗ്

1. പത്രക്കളക്ഷൻ നടത്തി.
2. ഓണത്തിന് പച്ചക്കറി പലചരക്ക് കിറ്റുകളും പായസവും വിതരണം ചെയ്തു.
3. മിഷൻലീഗ് ഫണ്ട് ഉപയോഗിച്ച് പ്രളയബാധിത പ്രദേശമായ പന്തളത്ത് ഭക്ഷണസാധനങ്ങൽ വിതരണം ചെയ്തു.

**ഷെറി മോളോപ്പറമ്പിൽ (ഓർഗനൈസർ)**



## സി. വൈ. എം. എ.

1. വർഷങ്ങളായി സംഘടന നടത്തിക്കൊണ്ടിരിക്കുന്ന വേളാങ്കണ്ണി തീർത്ഥാടനം ഒക്ടോബർ 12 ന് വൈകിട്ട് പുറപ്പെട്ട് 14-ാം തീയതി വൈകുന്നേരം തിരിച്ചെത്തുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സംഘടനാ ആഫീസുമായി ബന്ധപ്പെടുക. ഫോൺ: **9495797285, 9447601260, 9446665475, 9495394108**
2. പ്രളയക്കെടുതി കാരണം സംഘടന വർഷങ്ങളായി നടത്തിക്കൊണ്ടിരുന്ന ഓണാഘോഷപരിപാടികൾ വേണ്ടെന്നുവയ്ക്കുകയും, സംഘടനാ പ്രവർത്തകർ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്തു. എന്നിരുന്നാലും ഓണത്തോടനുബന്ധിച്ചുള്ള സംഘടനാപൊതുയോഗം 25-08-2018 ൽ കൂടുകയും, പായസ വിതരണം നടത്തുകയും ചെയ്തു.
3. 26-08-2018 ൽ നടന്ന രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഫൊറോനാതല ഇലക്ഷനിൽ ശ്രീ. റ്റിജോ തേക്കുംതോട്ടം സീനിയർ അംഗങ്ങളുടെ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.
4. ആകാശപ്പറവകളുടെ ജൂബിലി വാർഷിക ആഘോഷങ്ങളിൽ സംഘടനാ അംഗങ്ങൾ സജീവമായി പങ്കെടുക്കുകയും അതിന്റെ നടത്തിപ്പിനായി 10000/- രൂപസംഭാവന നൽകുകയും ചെയ്തു.

5. സംഘടനയുടെ ഫണ്ട് ശേഖരണാർത്ഥം കഴിഞ്ഞ ഒരു വർഷമായി നടത്തിക്കൊണ്ടിരുന്ന ഓണക്കിറ്റ് ഭംഗിയായി നടത്തുവാൻ സാധിച്ചു. വരുംവർഷവും ഓണക്കിറ്റ് നടത്തുവാൻ തീരുമാനിച്ചു.

***ജോജി മണിയങ്കേരിൽ*** *(സെക്രട്ടറി)*



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. ആന്റണി കുരീക്കാട്ട്
2. സ്കറിയ കളരിക്കൽ
3. മാത്യു കളരിക്കൽ
4. ആൻ തെരേസ തോപ്പിൽ
5. അന്നമ്മ ഇലവുങ്കൽ
6. ജോർജ്ജ് പാഴൂർ
7. ആൻ വയലിൽ

## ഓർമ്മകളിലേയ്ക്ക്

1. ജോസഫ് ഈരൂരിക്കൽ
2. കെ.വി. മത്തായി കൊച്ചുകരിപ്പാപ്പറമ്പിൽ
3. മറിയം ചവരയ്ക്കൽ
4. ലോറൻസ് കളത്തിൽ
5. മറിയാമ്മ മറ്റക്കരതുണ്ടിയിൽ
6. ഏലിയാമ്മ വടക്കേമുറിയിൽ



## നമ്മൾ ഒന്നായി

1. സിബിൻ ടോം - ട്വിങ്കിൾ - മുഞ്ഞനാട്ട് സഞ്ചായത്തിൽ
2. ടോണി തോമസ്- രജിത - കുഴിക്കാട്ട്
3. ജൂബിൻ മാത്യു - അൽക്കാ ജോസ് - മംഗലത്തിൽ
4. ഫെലിക്സ്- അനുമോൾ - കല്ലറയ്ക്കൽ
5. ജോൺസൺ- തെരേസ് - പൂന്തോട്ടത്തിൽ
6. ബിനോയ് - ബിസ്മോൾ - ചാവരുപാറ
7. എബിൻ - മിന്നാ - വട്ടയ്ക്കാട്ട്
8. ആൽവിൻ - ആര്യ - തടത്തേൽ
9. ജോയൽ - നീമ - വയലിൽ

# കുമ്പസാരത്തിന്റെ പ്രസക്തി

**സിസി മുണ്ടയ്ക്കൽ**

മതേതര രാജ്യമായ ഇന്ത്യയിൽ മതസ്വാതന്ത്ര്യം നമ്മുടെ മൗലികാവകാശമാണ്. ഈ സ്വാതന്ത്ര്യത്തെ തടുക്കുവാൻ ആർക്കും അവകാശമില്ല. കുമ്പസാരത്തെക്കുറിച്ച് ഈയിടെയായി മാദ്ധ്യമങ്ങളിൽ വന്ന റിപ്പോർട്ട് നമ്മുടെ മനസ്സ് തരിപ്പിക്കുന്നവയാണ്.

ഉത്ഥിതനായ ഈശോ സ്വർഗ്ഗാരോഹണത്തിനു മുമ്പായി തന്റെ ശിഷ്യന്മാരോട് ഇപ്രകാരം പറയുന്നു; "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും". (യോഹ 20:21-23) ഈശോ സ്വർഗ്ഗാരോഹണത്തിനു മുമ്പായി ശിഷ്യന്മാർക്ക് ഈ ദൗത്യം നൽകുന്നതിൽ നിന്ന് അതിനുള്ള പ്രാധാന്യം എത്രമാത്രമെന്ന് നമ്മുക്കറിയാൻ സാധിക്കും.

പാപങ്ങളാൽ കലുഷിതമായ മനസ്സ് നമ്മുക്ക് ശക്തി നൽകുന്നതല്ല. പാപങ്ങളിൽനിന്ന് മോചിതരായി നാം നല്ല നാളേയ്ക്കായ് കാത്തിരിക്കുന്നവരാണ്. കുമ്പസാരമെന്ന കൂദാശയിലൂടെ ലഭിക്കുന്ന പാപമോചനം നമ്മെ പുത്തൻ മാനസിക ഉണർവ്വിലേയ്ക്ക് നയിക്കും.

കൂദാശകൾ ഈശോ സഭയ്ക്കു നൽകിയ ദാനങ്ങളാണ്. കുമ്പസാരമെന്ന കൂദാശ ഈശോ സ്ഥാപിച്ചതാകയാൽ അതുവഴി ലഭിക്കുന്ന കൃപാവരം പാപങ്ങളിൽനിന്ന് വിമുക്തി നേടാൻ നമ്മെ പ്രാപ്തരാക്കും. "കൂദാശകൾ പരികർമ്മം ചെയ്യപ്പെടുമ്പോൾ ഉത്ഥിതനായ മിശിഹാ അവിടെ സന്നിഹിതനായി തന്റെ അരൂപിയെ നൽകി കൂദാശ സ്വീകരിക്കുന്നവർക്ക് പാപമോചനം നൽകുന്നു. അവരെ വിശുദ്ധീകരിക്കുന്നു". (ആൽഫാ ബൈബിൾ വ്യാഖ്യാനം). പ്രായശ്ചിത്ത കൂദാശയിൽ എന്തു സംഭവിക്കുന്നുവെന്നത് ധൂർത്ത പുത്രന്റെ ഉപമയിൽ ഈശോ വളരെ മനോഹരമായി അവതരിപ്പി

ച്ചിട്ടുണ്ട്.

ഈശോയുടെ രക്ഷാകരദൗത്യംതന്നെ ലോകത്തിന്റെ പാപം നീക്കിക്കളയുക എന്നുള്ളതായിരുന്നു. പരസ്യജീവിതത്തിലേയ്ക്കു കടന്നുവന്ന ഈശോയെ ചൂണ്ടിക്കാണിച്ചുകൊണ്ട് യോഹന്നാൻ പറഞ്ഞ വാക്കുകൾ ഇപ്രകാരമാണ്. "ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. (യോഹ. 1:29) ക്രിസ്തു തളർവാദരോഗിയുടെ പാപങ്ങൾ ക്ഷമിച്ച് എഴുന്നേറ്റു നിന്റെ കിടക്കയുമെടുത്ത് വീട്ടിലേയ്ക്ക് പോവുക" (മർക്കോ 2:11) എന്നു പറഞ്ഞപ്പോൾ എഴുന്നേറ്റു നടന്നു. നഷ്ടപ്പെട്ടു പോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്. (ലൂക്കാ 19:10) നീതിമാന്മാരെയല്ല പാപികളെ വിളിക്കാനാണ് ഞാൻ വന്നത്. (മർക്കോ 2;17) ക്രിസ്തുവിനുള്ള ഈ അധികാരം ശിഷ്യന്മാരിലൂടെ പുരോഹിതരിലേയ്ക്കാണ് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നത്. ആ ദൗത്യമാണ് സഭ ഇന്നു നിർവ്വഹിക്കുന്നത്. ആദിമകാലം മുതലേ ഈ ദൗത്യമാണ് സഭ നിർവ്വഹിക്കുന്നത്.

എനിക്ക് നേരിട്ട് ദൈവത്തിങ്കലേയ്ക്ക് പോകാൻ കഴിയും, പിന്നെ എന്തിനാണ് ഒരു വൈദികൻ ആവശ്യമായിരിക്കുന്നത് എന്നു കരുതുന്ന വ്യക്തികളുണ്ടാകാം. "നാം നമ്മുടെ പാപങ്ങളെപ്പറ്റി യുക്തി വിചാരണ നടത്തി വസ്തുതകളെ പരുക്കൻ കമ്പിളിത്തുണിക്കടിയിലേയ്ക്ക് തുത്തുമാറ്റാൻ ശ്രമിക്കുന്നു. അതുകൊണ്ടാണ് നമ്മുടെ പാപങ്ങൾ ഏറ്റുപറയാനും വ്യക്തിപരമായ ഒരു കണ്ടുമുട്ടലിൽ അവ അംഗീകരിക്കുവാനും ദൈവം നമ്മോട് ആവശ്യപ്പെടുന്നത്.

അതിനാൽ നമ്മുക്കും മുന്നൊരുക്കത്തോടെ കുമ്പസാരം അതിന്റെ അർത്ഥത്തിലും വ്യപ്തിയിലും കൈക്കൊള്ളാൻ പരിശ്രമിക്കാം. കുമ്പസാരക്കൂട് സ്വർഗ്ഗമാക്കി മാറ്റിയ വിശുദ്ധരെ നമ്മുക്ക് അനുസ്മരിക്കാം. അങ്ങനെ കുമ്പസാരിക്കാൻ പോകുന്ന വ്യക്തി അയാളുടെ ജീവിത ഗ്രന്ഥത്തിൽ പുതിയ താളുകളോടെ തിരിച്ചു വരുന്നു.

**നിയമബോധനം** അത്യാവശ്യം അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ

**ബോബൻ മണ്ണാറാത്ത്**
അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്, പൊൻകുന്നം. 9447 525 615

## ഇറമ്പുചാട്ടത്തിന്റെ നിയമം

ഒരു കെട്ടിടത്തിന്റെ മേൽക്കൂരയുടെ ഇറമ്പ് തൊട്ടടുത്ത പുരയിടത്തിലേക്കു തള്ളി നിൽക്കുന്നവിധം പണിയാമോ? അതിനെക്കുറിച്ചുള്ള നിയമമെന്താണെന്നറിഞ്ഞിരിക്കണം. ഉന്തി നിൽക്കുന്ന ഭാഗത്തുകൂടെ മഴവെള്ളം വന്നു വീഴുന്നത് അന്യന്റെ പുരയിടത്തിലേക്കായിരിക്കും. സാധാരണ ഇതിന് ഇറമ്പുചാട്ടം എന്നുപറയും. തൊട്ടടുത്തുള്ള വസ്തുവുടമയെ സംബന്ധിച്ചിട ത്തോളം ഇറമ്പുചാട്ടം ഒരു ശല്യമാണ്.

കെട്ടിടങ്ങൾ പണിയുന്നത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ചാവണം. പൊതുതാൽപര്യം കണക്കിലെ ടുത്താണ് ഈ ചട്ടങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. അന്യർക്ക് ശല്യമാക ത്തക്ക വിധത്തിൽ കെട്ടിടങ്ങൾ പണിയുവാൻ പാടില്ല. കെട്ടിടം ഉപയോഗിക്കേണ്ടവരുടെ ആരോഗ്യവും സുരക്ഷിതത്വവും പരിഗണിക്കേണ്ടതുണ്ട്. കെട്ടിടത്തിന്റെ മുൻവശത്ത്, പ്രത്യേകിച്ച് റോഡ് സൈഡിൽ (ഹൈവേ റോഡിനും മറ്റും പ്രത്യേക വ്യവസ്ഥയുണ്ട്) മൂന്നുമീറ്റർ വീതിയിൽ സ്ഥലം വെറുതെ ഇട്ടിരിക്കണം അതു പോലെതന്നെ പിൻഭാഗത്തും കെട്ടിടത്തിന്റെ ഇരുവശങ്ങളിലും ഒന്നര മീറ്റർ സ്ഥലമാണ് വെറുതെ ഇടേണ്ടത്. അതിരിനോടുചേർന്ന് കെട്ടിടം പണിയുവാൻ പാടില്ല. അന്യരുടെ വസ്തുവിലേക്കു തള്ളി നിൽക്കത്തക്കവിധത്തിൽ കെട്ടിടം പണിയുന്നതിനൊരുങ്ങി യാൽ ആ പണി നമുക്ക് തടസ്സപ്പെടുത്താം. തടസ്സം അവഗണിച്ച്

പണിയുന്നതിനൊരുങ്ങിയാൽ നിരോധന ഉത്തരവു കിട്ടുന്ന തിനുവേണ്ടി കോടതിയെ സമീപിക്കാം. അനധികൃതമായി ചട്ടങ്ങൾ ലംഘിച്ചു കൊണ്ട് നടത്തുന്ന കെട്ടിടനിർമ്മാണം തടയുന്നതിന് ആർക്കും കോടതിയെ സമീപിക്കുവാൻ അവകാശമുണ്ടെന്നാണ് ഹൈക്കോടതി പറഞ്ഞിട്ടുള്ളത്.

ഇറമ്പുചാട്ടം അനുവദനീയമാണെന്ന് നിയമം പറയുന്ന ചില സാഹചര്യങ്ങളുണ്ട്. തുടർച്ചയായി നിലനിൽക്കുന്ന ഇറമ്പുചാട്ടം ഇരുപതുവർഷം കഴിഞ്ഞാൽ ഒരവകാശമായി മാറുന്നു. അയൽ വസ്തു ഉടമസ്ഥൻ ഈ ശല്യം സഹിച്ചേ തീരൂ. അതു നീക്കം ചെയ്തു കിട്ടുന്നതിന് ആ ഉടമയ്ക്ക് അവകാശമില്ല. എന്നാൽ പഴയ കെട്ടിടം പൊളിച്ചു പണിയു മ്പോൾ സ്ഥിതിയെന്താണ്? മഴവെള്ളം അന്യപുരയിടത്തി ലേക്കു വീഴുന്ന മാർഗ്ഗ ത്തിനു ചില മാറ്റങ്ങൾ സംഭവിച്ചുവെന്നും വരാം. മേൽക്കൂരയിൽ നിന്ന് അന്യപുരയിട ത്തിലേക്കു വെള്ളം, കഴിഞ്ഞ ഇരുപതു വർഷത്തിനുമേലായി വീണുകൊണ്ടി രുന്നാൽ ഒരവകാശമായിത്തീരുമെന്നു പറഞ്ഞല്ലോ. കെട്ടിടം പുതുക്കിപ്പണിയുന്നതു കൊണ്ടോ മറ്റേതെങ്കിലും കാരണ ത്താലോ മഴവെള്ളം ആ പുരയിടത്തിലേക്കു വീഴുന്ന സമ്പ്രദായ ത്തിന് സാരമായ മാറ്റം വന്നാൽ ആ മാറ്റം നിയമം അംഗീകരി ക്കുകയില്ല. മുമ്പുണ്ടായിരുന്ന അവകാശം നഷ്ടപ്പെടുന്നു. ഉദാഹരണത്തിന് മേൽക്കൂരയുടെ ഉയരം ഏഴടിയിൽ നിന്ന് ഇരുപതടിയാക്കി വർദ്ധിപ്പിച്ചുവെന്നു വിചാ രിക്കുക. അപ്പോൾ അയൽവസ്തുവിനുണ്ടാകുന്ന ശല്യത്തിന്റെ വ്യാപ്തിയും വർദ്ധിക്കുന്നു. ഇതനുവദനീയമല്ല. മുമ്പുണ്ടായിരുന്ന സംവിധാ നത്തിനു മാറ്റം വരുത്തുമ്പോൾ കൂടുതൽ ശല്യം ചെയ്യുവാൻ പാടില്ല. കൂടുതൽ ശല്യമുണ്ടായാൽ നേരത്തേയുണ്ടായിരുന്ന അവകാശം നഷ്ടപ്പെടും. വർഷങ്ങ ളായുള്ള ഇറമ്പുചാട്ടത്തിനു

മാറ്റം വരുത്തുമ്പോൾ വളരെ ശ്രദ്ധിക്കണം. കെട്ടിടം പണിയുമ്പോൾ അയൽ വസ്തുവുടമ അനുഭവിച്ചു പോരുന്ന സൗകര്യങ്ങൾക്കും തടസ്സം സൃഷ്ടിക്കാതെ പണികൾ നടത്തിയാൽ അനാവശ്യമായ പല തർക്കങ്ങളും ഒഴിവാക്കാം.

പൊതുജനങ്ങൾ ഉപയോഗിക്കുന്ന വഴിയരിയിൽ താമസിക്കുന്നവർക്ക് പുരയിടത്തിനോട് ചേർന്നുള്ള പബ്ലിക്ക് റോഡിലേക്ക് ഏതു പോയിന്റിൽകൂടിയും കടക്കുന്നതിന് അവകാശമുണ്ട്. ഇതു തടസ്സപ്പെടുത്തുന്നതിന് മറ്റാർക്കും അവകാശമില്ല. റോഡും വസ്തുവും ചേർന്നു കിടക്കണം. വസ്തുവിൽ നിന്നും റോഡിലേക്ക് ഏതെങ്കിലും ഭാഗത്തു കൂടി ഇറങ്ങുന്നതിന് തടസ്സം ഉണ്ടെങ്കിൽ ആ തടസ്സം നീക്കം ചെയ്തു കിട്ടുന്നതിന് കോടതിയിൽ പരാതിപ്പെടാം. റോഡിന്റെ നിയന്ത്രണാവകാശം സർക്കാരിലോ മറ്റു സ്വയം ഭരണസ്ഥാപനങ്ങളിലോ നിക്ഷിപ്തമായിരിക്കും. എന്നാൽ അവർക്കുപോലും വസ്തു ഉടമസ്ഥന്റെ ഈ അവകാശത്തിനു വിധേയമായിട്ടേ എന്തെങ്കിലും പ്രവർത്തിക്കാനാവൂ.

**വ്യവഹാരങ്ങൾ**

ഈസ്മെന്റവകാശങ്ങൾ തടസ്സപ്പെടുത്തിയാൽ കോടതിയിൽ പരാതിപ്പെടാം. സാരമായ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ നഷ്ടപരിഹാരവും ആവശ്യപ്പെടാം. അതു കൂടാതെ അവകാശങ്ങൾ തടസ്സപ്പെടുത്തിയാൽ അതു നീക്കം ചെയ്തും തടസ്സപ്പെടുത്തരുതെന്ന് ആജ്ഞാപിച്ചും ആവശ്യമായ ഉത്തരവുകൾ നൽകുന്നതിന് കോടതിക്ക് അധികാരമുണ്ട്.

## 2–ാം ചരമ വാർഷികം





## ജോമിൻ ജോസഫ്
## ഇഞ്ചിയിൽ

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും സ്മരിക്കണമെ.



## സ്നേഹസ്മരണയ്ക്ക്











**ACHAMMA JOSEPH**
Kuzhikkattu
Ponkunnam
**11–ാം ചരമ വാർഷികം**
**29.9.2018**

**V.K. JOSEPH**
Kuzhikkattu
Ponkunnam
**1–ാം ചരമ വാർഷികം**
**19.07.2018**

# 1–ാം ചരമ വാർഷികം



## ജെയിംസ് ജോസഫ്

മുട്ടത്തുപ്പാറ
പൊൻകുന്നം

എന്റെ പിതാവേ ഭൂമിയിൽ
ഞാൻ അങ്ങയെ മഹത്വപ്പെടുത്തി;
എന്നെ ഏൽപ്പിച്ചിരുന്ന ജോലി ഞാൻ
പൂർത്തിയാക്കി.
ആകയാൽ അങ്ങേ പക്കൽ എന്നെ
മഹത്വപ്പെടുത്തേണമെ.

# സ്നേഹസ്മരണയ്ക്ക്




**വർക്കി പൗലോസ്,**
**ഈറ്റുവേലിൽ**

**സജി പൗലോസ്,**
**ഈറ്റുവേലിൽ**

**മേരി പൗലോസ്**
**ഈറ്റുവേലിൽ**

# സ്നേഹ സ്മരണയ്ക്ക്



20-ാം ചരമ വാർഷികം



**പി.ഒ ജോസഫ്**
പൂവത്താനിക്കുന്നേൽ
24-06-1998

1-ാം ചരമ വാർഷികം



**അന്നക്കുട്ടി ജോസഫ്**
പൂവത്താനിക്കുന്നേൽ
മരണം: 11-09-2017

ഞങ്ങൾ നിങ്ങളിൽനിന്ന് അകന്നുപോകുന്നുവെങ്കിലും ഞങ്ങളുടെ സ്നേഹം എന്നും നിങ്ങളോടുകൂടെ ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നാം ഒരുമിക്കുന്നതുവരെ നിങ്ങൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ..

സ്വർഗ്ഗത്തിൽ 2-ാം പിറന്നാൾ



**Tony Sebastian (Ton)**

**Pamplaniyil**
**Ponkunnam**

**Birth: 18-05-1991**
**Death: 25-08-2016**

നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും സ്മരിക്കണമെ.